പ്രമേയം-04

# എം എഫ് ഹുസൈന് ഭാരതരത്നം നൽകുക

വിഖ്യാത ചിത്രകാരനായ എം എഫ് ഹുസൈൻ ഇന്ത്യൻ പൗരത്വം റദ്ദാക്കപ്പെട്ട് ഖത്തറിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. ഇന്ത്യയുടെ മഹത്തായ കലാ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ കൃത്യവും വ്യക്തവുമായ പിന്തുടർച്ചയാണ് എം എഫ് ഹുസൈന്റെ രചനകളിൽ നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യ ഒരു ബഹുസ്വര-പുരോഗമന-മതനിരപേക്ഷ റിപ്പബ്ലിക്കാണെന്ന് ഉറപ്പു വരുത്തണമെന്നുണ്ടെങ്കിൽ എം എഫ് ഹുസൈന്റെ പൗരത്വം തിരിച്ചു നൽകുകയും അദ്ദേഹത്തിന്റെ ഇന്ത്യയിലെ സ്ഥിരതാമസം സുരക്ഷിതമാക്കുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം, ഇത്രയും കാലം അദ്ദേഹത്തോട് രാജ്യം കാണിച്ച കടുത്ത അനീതിയുടെ പേരിൽ, നൂറു കോടി ജനങ്ങൾക്കും വേണ്ടി കേന്ദ്രസർക്കാർ നിർവ്യാജം മാപ്പു പറയേണ്ടതാണ്. ഇന്ത്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്നം അദ്ദേഹത്തിന് സമ്മാനിച്ച് രാജ്യത്തിന്റെയും ജനങ്ങളുടെയും യശസ്സ് ഉയർത്തണമെന്നും അതിലൂടെ ഇന്ത്യ ജനാധിപത്യത്തിലും സമാധാനത്തിലും വിശ്വസിക്കുന്നവർക്ക് ജീവിക്കാവുന്ന ഒരു സമൂഹമാണെന്ന് ഉറപ്പു വരുത്തണമെന്നും പുരോഗമന കലാ സാഹിത്യ സംഘം സംസ്ഥാന സമ്മേളനം ശക്തമായ ഭാഷയിൽ ആവശ്യപ്പെടുന്നു.